LIBRARY ARCHIVES Kerala Legislative Assembly

പൊതുസ്ഥലങ്ങളിലെ പുകവലി നിയന്ത്രിക്കുന്ന നിയമം

7 [802] ശ്രീ. പി. ടി. തോമസ്:

,, ടി. എൻ. പ്രതാപൻ:

,, എഴുകോൺ നാരായണൻ:

,, എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുകയില ഉൽപ്പന്ന നിയന്ത്രണം സംബന്ധിച്ച നിയമം നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണെന്ന് അറിയിക്കാമോ;

(ബി) പൊതുസ്ഥലങ്ങളിലെ പുകവലി, പ്രായപൂർത്തിയാവാത്തവർക്ക് സിഗരറ്റ് വിൽക്കുന്നത് എന്നിവ സംബന്ധിച്ച് ഇതുവരെ എത്ര കേസ് എടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിലവിൽ വന്നിട്ടുണ്ട്. 1975-ലെ സിഗരറ്റ് (റഗുലേഷൻ ഓഫ് പ്രൊഡക്ഷൻ, സ്പ്ലൈ ആന്റ് ഡിസ്ട്രിബ്യൂഷൻ) ആക്ട്.

(ബി) പൊതുസ്ഥലങ്ങളിൽ പുകവലിച്ചതിന് 1,41,810 പെറ്റി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രായപൂർത്തിയാകാത്തവർക്ക് സിഗരറ്റ് വിറ്റത് സംബന്ധിച്ച് കേസുകളൊന്നും എടുത്തിട്ടില്ല.

വിവിധ ഡിപ്പാർട്ടുമെന്റുകളിൽ തീരുമാനമാകാതെ കിടക്കുന്ന ഫയലുകൾ

8 [803] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 ഡിസംബർ 31 വരെ ഗവൺമെന്റിന്റെ ഓരോ ഡിപ്പാർട്ടുമെന്റിലും തീരുമാനമാകാതെ കിടക്കുന്ന ഫയലുകൾ എത്ര;

(ബി) ഫയലുകളിൽ തീരുമാനമെടുക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) സർക്കാർ ഓഫീസുകളിലെ നടപടിക്രമങ്ങളിൽ ഉണ്ടാകുന്ന കാല താമസം ഒഴിവാക്കാനുള്ള നടപടികളുടെ ഭാഗമെന്നനിലയിൽ സെക്രട്ടേറിയറ്റിൽ ലെവൽ ജംപിംഗിനും ഫയൽ പ്രയാണത്തിനും സമയപരിധി നിശ്ചയിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവുകൾപ്രകാരം സെക്രട്ടേറിയറ്റിൽ പ്രധാനപ്പെട്ട ഫയലുകൾ തീർപ്പാക്കാൻ സെക്ഷൻ ഓഫീസർക്കും അവസാന തീരുമാനമെടുക്കുന്ന ആൾ എന്ന നിലയിൽ സെക്രട്ടറി/മന്ത്രിമാർ എന്നിവർക്കിടയിൽ

† അനുബന്ധം II

† അനുബന്ധം II A